# കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നടപടിക്രമം

(ഹാജർ:രാജീവ് ജി)

നമ്പർ: ബി4/6786/1997 തീയതി:09-07-2018

വിഷയം:-വ്യവസായം- ഡി.പി പൂവൻതുരുത്ത് - മെ. കാനായി റബ്ബർ ഇൻഡസ്ട്രീസ് - കൈമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:-1) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ 169/69/വ്യവ.തീയതി 05-04-1969.
2) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ: 297/1970/വ്യവ. തീയതി 24-08-1970.
3) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ: 60/2013/വ്യവ. തീയതി 10-06-2013
4) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ: 110/2013/വ്യവ. തീയതി 13-09-2013.
5) ഈ ഓഫീസിലെ 26-03-2001 ലെ ഇതേ നമ്പർ നടപടിക്രമം.
6) ശ്രീ.ജോയി തോമസ്, ശ്രീമതി സാലമ്മ സാബു എന്നിവരുടെ 21-03-12 ലെ അപേക്ഷ.
7) 21-05-16 ൽ ചേർന്ന ജില്ലാതല ലാന്റ് അലോട്ട്മെന്റ് കമ്മിറ്റിയുടെ തീരുമാനം.
8) സർക്കാർ ഉത്തരവ് ( ആർ.റ്റി) നമ്പർ 732/2017/ഐ.ഡി തീയതി 24-05-2017.
9) ഈ ഓഫീസിലെ 02-09-17 ലെ ഇതേ നമ്പർ കത്ത്
10) വ്യവസായ വാണിജ്യ ഡയറക്ടറുടെ 14-05-18 തീയതിയിലെ ഐ.ഡി5/1127/13-ാം നമ്പർ സർക്കുലർ.
11) വ്യവസായ വാണിജ്യ ഡയറക്ടറുടെ 29-05-18 ലെ ഐ.ഡി2/18357/17 -ാം നമ്പർ കത്ത്.

മേൽ സൂചന (5) പ്രകാരം കോട്ടയം ജില്ലയിൽ പനച്ചിക്കാട് വില്ലേജിൽ സർവ്വേ നമ്പർ 473/3 ൽ പെട്ട 6 സെന്റ് സ്ഥലം ശ്രീ. ജോയി തോമസ്, പള്ളിക്കാപറമ്പിൽ, നീലംപേരൂർ പി.ഒ., എന്നയാൾക്ക് മെ.കാനായി റബ്ബർ പ്രൊഡക്ട്സ് എന്ന പേരിൽ റിക്ലെയിംഡ് റബ്ബർ പൗഡർ നിർമ്മാണത്തിനായി അനുവദിച്ചു നൽകിയിരുന്നു. തുടർന്ന് ശ്രീ. ജോയി തോമസ് സർക്കാരുമായുള്ള ഹയർ പർച്ചേസ് ഉടമ്പടിയും ഒപ്പിട്ടു സമർപ്പിച്ചു. ഈ സ്ഥലവും സ്ഥാപനവും മെ. പടിഞ്ഞാറേക്കളം റബ്ബേഴ്സ് എന്ന പേരിൽ റബ്ബർ വേസ്റ്റ് പൗഡർ നിർമ്മാണത്തിനായി ശ്രീമതി സാലമ്മ സാബു, പടിഞ്ഞാറെക്കളം, ചിങ്ങവനം പി.ഒ, കോട്ടയം എന്നയാൾക്ക് കൈമാറുന്നതിനുള്ള അനുമതിക്ക് അപേക്ഷിക്കുകയും ടി സ്ഥലം ഏറ്റെടുത്തു പടിഞ്ഞാറെക്കളം റബ്ബേഴ്സ് എന്ന പേരിൽ റബ്ബർ പൗഡർ നിർമ്മാണത്തിന് സന്നദ്ധയാണെന്ന് കാണിച്ച് ശ്രീമതി സാലമ്മ സാബുവും അപേക്ഷിക്കുകയും സ്ഥാപനം കൈമാറുന്നതിന് ആവശ്യമായ രേഖകൾ സമർപ്പിക്കുകയും ചെയ്തു.

സൂചന (7) പ്രകാരം നടന്ന ജില്ലാതല ലാൻഡ് അലോട്ട്മെന്റ് കമ്മിറ്റി കൈമാറ്റത്തിനുള്ള അപേക്ഷ പരിഗണിക്കുകയും യൂണിറ്റിൽ നടന്നുകൊണ്ടിരുന്ന വയറിംഗ് ജോലികൾ പൂർത്തിയാക്കിയതിനുശേഷം ശുപാർശ ചെയ്യുന്നതിനു തീരുമാനിക്കുകയും ചെയ്തു.

സ്ഥലവില വ്യത്യാസമായി നിലവിലെ നിരക്കനുസരിച്ച് അടയ്ക്കുവാനുള്ള മുഴുവൻ തുകയും മെ.കാനായി റബ്ബർ ഇൻഡസ്ട്രീസ് അടച്ചിട്ടുണ്ട്. കൂടാതെ പ്രോസസിംഗ് ഫീസായി സ്ഥലവിലയുടെ 10% അടച്ചിട്ടുമുണ്ട്. യൂണിറ്റിന് MML/ESS/SIS പദ്ധതികൾ പ്രകാരം ആനുകൂല്യങ്ങൾ ഒന്നും നൽകിയിട്ടില്ല. സർക്കാരിലോ ധനകാര്യ സ്ഥാപനങ്ങളിലോ ബാദ്ധ്യതകൾ ഒന്നുമില്ല എന്ന സത്യവാങ്മൂലവും സമർപ്പിച്ചിട്ടുണ്ട്. റവന്യു റിക്കവറി നടപടികളൊന്നും സ്ഥാപനത്തിന്റെ പേരിൽ നിലവിലില്ല എന്ന റിപ്പോർട്ട് തഹസീൽദാരിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. എസ്റ്റേറ്റ് ഓഫീസർ യൂണിറ്റ് പരിശോധിച്ച്

Manager (RET)

യൂണിറ്റിലെ സിവിൽ, വയറിംഗ് ജോലികൾ പൂർത്തിയായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് സൂചന (9) പ്രകാരം കൈമാറ്റത്തിനുള്ള അപേക്ഷ വ്യവസായ വാണിജ്യ ഡയറക്ടർക്ക് ശുപാർശ ചെയ്തിരുന്നു. ഡി.എ/ഡി.പികളിലെ അസൈൻമെന്റ് ലഭിക്കാത്ത ഭൂമിയുടെ കൈമാറ്റം ഘടനാമാറ്റം തുടങ്ങിയ കാര്യങ്ങളിൽ തിരുമാനമെടുക്കുന്നതിന് സൂചന (10) പ്രകാരം ജില്ലാ വ്യവസായ കേന്ദ്രം, ജനറൽ മാനേജർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. ആയതിനാൽ ടി സ്ഥലവും സ്ഥാപനവും ശ്രീമതി സാലമ്മ സാബു, പടിഞ്ഞാറേക്കളം, ചിങ്ങവനം പി.ഒ, കോട്ടയം പേർക്ക് മെ. പടിഞ്ഞാറെക്കളം റബ്ബേഴ്സ് എന്ന പേരിൽ റബ്ബർ വേസ്റ്റ് പൗഡർ നിർമ്മാണത്തിനായി കൈമാറി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ്

മേൽ സാഹചര്യത്തിൽ കോട്ടയം ജില്ലയിൽ, പനച്ചിക്കാട് വില്ലേജിൽ സർവ്വേ നമ്പർ 473/3 ൽ ഉൾപെട്ടതും മെ. കാനായി റബ്ബർ പ്രൊഡക്ട്സ് എന്ന പേരിൽ റിക്ലെയിംഡ് റബ്ബർ പൗഡർ നിർമ്മാണത്തിനായി ശ്രീ.ജോയി തോമസ്, പള്ളിക്കാപറമ്പിൽ, നിലംപേരൂർ പി.ഒയ്ക്ക് അനുവദിച്ചിരുന്നതുമായ 6 സെന്റ് സ്ഥലവും സ്ഥാപനവും മെ. പടിഞ്ഞാറേക്കളം റബ്ബേഴ്സ് എന്ന പേരിൽ റബ്ബർ വേസ്റ്റ് പൗഡർ നിർമ്മാണത്തിനായി ശ്രീമതി.സാലമ്മ സാബു, പടിഞ്ഞാറേക്കളം, ചിങ്ങവനം പി.ഒ.,യ്ക്ക് സൂചനയിൽ പറഞ്ഞിരിക്കുന്ന സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾ പ്രകാരം താഴെ പറയുന്ന വ്യവസ്ഥകളോടെ കൈമാറി ഇതിനാൽ ഉത്തരവാകുന്നു.

1) ഉത്തരവു തീയതി മുതൽ അടുത്ത 5 വർഷത്തിനുള്ളിൽ സ്ഥാപനത്തിന്റെ ആക്ടിവിറ്റി മാറ്റം /കൈമാറ്റം/ഘടനാ മാറ്റം എന്നിവയ്ക്ക് അപേക്ഷിക്കുന്നതല്ല എന്ന സത്യവാങ്മൂലം ശ്രീമതി സാലമ്മ സാബു സമർപ്പിക്കേണ്ടതാണ്.
2) സർക്കാരുമായുള്ള പുതിയ ഹയർ പർച്ചേസ് ഉടമ്പടി ശ്രീമതി സാലമ്മ സാബു ഒരുമാസത്തിനകം ഒപ്പ് വെച്ച് സമർപ്പിക്കേണ്ടതാണ്.
3) സ്ഥാപനം 6 മാസത്തിനകം പ്രവർത്തനം ആരംഭിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

പ്ലോട്ട് അലോട്ട്മെന്റ് സംബന്ധിച്ച രജിസ്റ്ററിൽ ഇതു സംബന്ധിച്ച മാറ്റങ്ങൾ വരുത്തുന്നതാണ്.

ഒപ്പ്/-
ജനറൽ മാനേജർ

സ്വീകർത്താവ്:-
1) ശ്രീമതി.സാലമ്മ സാബു, പടിഞ്ഞാറെക്കളം, ചിങ്ങവനം പി.ഒ.,
2) ശ്രീ.ജോയി തോമസ്, പള്ളിക്കാപറമ്പിൽ, നീലംപേരൂർ പി.ഒ.,

പകർപ്പ്:-
1) വ്യവസായ വാണിജ്യ ഡയറക്ടർ,
   തിരുവനന്തപുരം ( ആമുഖകത്ത് സഹിതം)
2) ജനറൽ മാനേജരുടെ സി.എ
3) മാനേജർ ( ക്രഡിറ്റ്)
4) മാനേജർ ( ആർ.ഇ.റ്റി) - വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന്
5) എസ്റ്റേറ്റ് ആഫീസർ, ഡി.പി പൂവൻതുരുത്ത്
   (അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർ - II)
6) അസിസ്റ്റന്റ് ജില്ലാ വ്യവസായ ആഫീസർ, കോട്ടയം
7) സ്റ്റോക്ക് ഫയൽ / സ്പെയർ

ഉത്തരവിൻ പ്രകാരം

മാനേജർ (ക്രഡിറ്റ്)

APR 09-07-18